<u>**15 -ാം കേരള നിയമസഭ**</u>

<u>**3 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5211**</u> <u>**02-11-2021 - ൽ മറുപടിയ്ക്ക്**</u>

<u>**വയോജനങ്ങൾക്ക് സാമൂഹ്യ സുരക്ഷാ മിഷൻ മുഖേനയുള്ള പദ്ധതികൾ**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ** | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന വയോജനങ്ങൾക്ക് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | (എ) സംസ്ഥാനത്തെ നഗരപ്രദേശത്ത് വസിക്കുന്ന 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരൻമാർക്ക് ആരോഗ്യപരിരക്ഷയും, മാനസിക ഉല്ലാസവും അവരുടെ സ്ഥലങ്ങളിൽ തന്നെ ഒരുക്കുകയെന്ന ലക്ഷ്യത്തോട് കൂടി 'വയോമിത്രം' പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്. പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന 65 വയസ്സ് കഴിഞ്ഞവർക്ക് അവരുടെ വരുമാന പരിധി ബാധകമാക്കാതെ ക്യാമ്പുകൾ നടത്തി സൗജന്യമായി ജീവിതശൈലി രോഗ നിയന്ത്രണത്തിന് ഉതകുന്ന 110-ഓളം മരുന്നുകൾ, പാലിയേറ്റീവ് സേവനം, ഹെൽപ്പ് ഡെസ്കിന്റെ സേവനം, കൗൺസിലിംഗ് സേവനം എന്നിവ നൽകുന്നുണ്ട്. ആദ്യഘട്ടമായി കൊല്ലം, തിരുവനന്തപുരം കോർപ്പറേഷനുകളിൽ ആരംഭിച്ച പദ്ധതി ഇപ്പോൾ സംസ്ഥാനത്തെ 85 നഗരസഭകളിലും, 6 കോർപ്പറേഷനുകളിലും, 5 ബ്ലോക്കിലും വളരെ വിജയകരമായി നടപ്പാക്കിയിട്ടുണ്ട്. കൂടാതെ ശയ്യാവലംബരായ വയോജനങ്ങളെ പരിചരിക്കുന്നവർക്ക് പ്രതിമാസം 600/- രൂപ നിരക്കിൽ ധനസഹായം നൽകുന്ന 'ആശ്വാസകിരണം' പദ്ധതിയും നിലവിലുണ്ട്. |
| (ബി) | വയോജനങ്ങൾക്കായുള്ള 'സായം പ്രഭ' ഹോമുകളിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | (ബി) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന സായം പ്രഭാ ഹോമുകളിലെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് മുൻകൈയെടുക്കുന്നതിനും, വയോജനങ്ങൾക്കാവശ്യമായ സേവനം ഒരുക്കുന്നതിനുമായി കെയർഗിവർമാരുടെ സേവനം ഒരുക്കിയിട്ടുണ്ട്. കൂടാതെ Yoga/Meditation സംഘടിപ്പിക്കുന്നതിനായി ഇൻസ്ട്രക്ടർമാരുടെ സേവനവും ലഭ്യമാക്കുന്നുണ്ട്. COVID-19 വ്യാപനം തുടങ്ങുന്നതിന് മുൻപ് വരെ സ്ഥാപനത്തിൽ വയോജനങ്ങൾക്കായി ഒരുക്കിയ സേവനങ്ങളും സൗകര്യങ്ങളും ചുവടെ ചേർക്കുന്നു. 1. |

| | | | |
|---|---|---|---|
| | | | വയോജനങ്ങൾക്ക് പഞ്ചായത്തിൽ ഒത്തു കൂടുന്നതിനുള്ള സൗകര്യം. 2. ശാരീരിക, മാനസിക ഉല്ലാസത്തിന് ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ. 3. മുതിർന്നവരുടെ പരിപാലനവുമായി ബന്ധപ്പെട്ട നിയമങ്ങൾ, മാനസികവും ശാരീരികവും ആരോഗ്യപരവുമായ വിഷയങ്ങൾ ആസ്പദമാക്കിയുള്ള ക്ലാസ്. 4. മെഡിക്കൽ ക്യാമ്പ് സൗകര്യം. 5. പോഷകാഹാരക്കുറവുള്ളവർക്ക് 2 നേരമെങ്കിലും പഞ്ചായത്തുകളുടെ സഹായത്തോടെ ഭക്ഷണം ലഭ്യമാക്കുക. എന്നാൽ COVID-19 വ്യാപനം തുടങ്ങിയത് മുതൽ വയോജനങ്ങൾക്ക് റിവേഴ്സ് ക്വാറന്റൈൻ നിഷ്കർഷിച്ചിരുന്നതിനാൽ ടി വിഭാഗത്തിന് സായംപ്രഭ ഹോമുകളിൽ എത്തിച്ചേരാൻ സാധിക്കുമായിരുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ മേൽ സേവനങ്ങൾ സായംപ്രഭാ ഹോമുകളിൽ നിന്നും നൽകാൻ സാധിച്ചിട്ടില്ല. ഓൺലൈൻ പ്ലാറ്റ്ഫോം ഉപയോഗപ്പെടുത്തിയുള്ള പ്രവർത്തനം നടപ്പാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | വയോമിത്രം പദ്ധതി എറണാകുളം ജില്ലയിൽ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | (സി) എറണാകുളം ജില്ലയിലെ കൊച്ചിൻ കോർപ്പറേഷനിലും, തൃപ്പൂണിത്തുറ, മരട്, തൃക്കാക്കര, ഏലൂർ, കളമശ്ശേരി, വടക്കൻ പറവൂർ, പെരുമ്പാവൂർ, കോതമംഗലം, മൂവാറ്റുപുഴ, പിറവം, അങ്കമാലി, കൂത്താട്ടുകുളം എന്നീ നഗരസഭകളിലും വയോമിത്രം പദ്ധതി നടപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ